# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5375 25.10.2011 ൽ മറുപടിക്ക്

**സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ രേഖ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് ഒരു മാർഗ്ഗ നിർദ്ദേശരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/11 പൊ.വി.വ തീയതി 07.10.2011 പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| സി) | നിലവിൽ എത്ര സ്കൂളുകളാണ് അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുള്ളത്; ഇതിൽ അംഗീകാരത്തിനായി നേരത്തേ സുപ്രീം കോടതിയെ സമീപിച്ച സ്കൂളുകൾ ഉൾപ്പെടുമോ; വിശദാംശങ്ങൾ നൽകുമോ; | സി) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/11 പൊ.വി.വ തീയതി 07.10.2011 പ്രകാരം 01.11.2011 ന് മുൻപായി എൻ.ഒ.സിയ്ക്കുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 01.11.2011 ന് ശേഷം മാത്രമേ സുപ്രീംകോടതിയെ സമീപിച്ച സ്കൂളുകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| ഡി) | ഇപ്പോൾ അംഗീകാരത്തിന് അപേക്ഷ നൽകിയ സ്കൂളുകൾ മുഴുവനും നിലവിൽ പ്രവർത്തിച്ചു വരുന്നവയാണോ; വിശദാംശങ്ങൾ നൽകുമോ; | ഡി) | 07.10.2011 ലെ ജി.ഒ. (എം.എസ്) 202/11/പൊ.വി.വ സർക്കാർ ഉത്തരവിൽ എൻ.ഒ.സിക്കുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്ത് സ്കൂൾ 5 വർഷം കൊണ്ട് പ്രവർത്തിച്ചു വരുന്ന സ്കൂൾ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 01.11.2011നു ശേഷം മാത്രമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |

| | | | |
|---|---|---|---|
| ഇ) | സി.ബി.എസ്.ഇ. സ്കൂളുകൾ അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ എൻ.ഒ. സി.ക്ക് പുറമെ സർക്കാർ അംഗീകാരവും നിർബന്ധമാക്കുമോ; | ഇ) | സർക്കാർ ഉത്തരവ് എം.എസ് നമ്പർ 202/11/പൊ.വി 07.10.2011 ലെ പാരാ (3) പ്രകാരം സി.ബി.എസ്.ഇ സ്കൂളുകൾ അടുത്ത അധ്യയന വർഷം മുതൽ പ്രവർത്തിക്കണമെങ്കിൽ ടി ഉത്തരവിലെ ഗൈഡ് ലൈനിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. |
| എഫ്) | എങ്കിൽ ഇവ ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ കാര്യത്തിൽ അടുത്ത വർഷം മുതൽ സർക്കാർ എന്ത് നിലപാട് കൈക്കൊള്ളും; വിശദാംശങ്ങൾ അറിയിക്കുമോ? | എഫ്) | ഗൈഡ് ലൈനിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ 01.06.2012 മുതൽ സ്കൂൾ അടച്ച് പൂട്ടുമെന്ന് 07.10.2011 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/11 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.